**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4357** **01-07-2024 - ൽ മറുപടിയ്ക്ക്**

**പൊതുമേഖലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ട്രഷറിയിൽ ഒടുക്കിയ തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ കെ എൻ ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സംസ്ഥാനത്തെ വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ മറ്റ് സ്ഥാപനങ്ങൾ എന്നിവയുടെ വിവിധ അക്കൗണ്ടുകളിൽ സൂക്ഷിച്ചിരുന്ന തുകകൾ സംസ്ഥാന ട്രഷറിയിലേയ്ക്ക് ഒടുക്കണമെന്നാവശ്യപ്പെട്ട് നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിർദ്ദേശം നൽകിയതിന്റെ കാരണം വ്യക്തമാക്കുമോ; | (എ) | സാധാരണ ഗതിയിൽ നിയമസഭ appropriate ചെയ്ത് നൽകുന്ന ബജറ്റ് വിഹിതം അതാത് സാമ്പത്തിക വർഷം മാർച്ച് 31 –ന് lapse ആകും. എന്നാൽ ഇതിന് വിരുദ്ധമായി മുൻ സാമ്പത്തിക വർഷങ്ങളിൽ സർക്കാർ ബജറ്റിൽ നിന്നും ബാങ്ക് അക്കൗണ്ടിൽ അനുവദിച്ച ഫണ്ടുകൾ ചില സ്ഥാപനങ്ങൾ / വകുപ്പുകൾ സാമ്പത്തിക വർഷം അവസാനിച്ചിട്ടും സർക്കാരിൽ തിരിച്ചടയ്ക്കാതെ ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കുന്ന പ്രവണത സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. ടി പശ്ചാത്തലത്തിൽ വിവിധ സ്ഥാപനങ്ങളുടെ/വകുപ്പുകളുടെ ബാങ്ക് അക്കൗണ്ടുകളിൽ മുൻ സാമ്പത്തിക വർഷങ്ങളിൽ ചെലവഴിക്കാതെ നിഷ്ക്രിയമായി സൂക്ഷിച്ചിരുന്നതും സർക്കാർ വിവിധ ആവശ്യങ്ങൾക്ക് ടി സ്ഥാപനങ്ങൾക്ക് നൽകിയതുമായ തുക, സർക്കാരിന്റെ പ്രത്യേക അനുമതി ഇല്ലാത്ത പക്ഷം, തിരികെ ട്രഷറിയിൽ ഒടുക്കുവാൻ കേരള ഫിനാൻഷ്യൽ കോഡ് അനുച്ഛേദം 40 (C) യുടെ അടിസ്ഥാനത്തിൽ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. ടി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ട്രഷറിയിൽ തിരികെ ഒടുക്കിയ തുക സംബന്ധിച്ച വിശദാംശങ്ങൾ അതാത് സ്ഥാപനങ്ങളാണ് സൂക്ഷിക്കുന്നത്. |
| (ബി) | പ്രസ്തുത കാലയളവിലെ ഓരോ സാമ്പത്തിക വർഷവും എത്ര തുക വീതം ഏതെല്ലാം സ്ഥാപനങ്ങൾ സംസ്ഥാന ട്രഷറിയിലേയ്ക്ക് അടച്ചിട്ടുണ്ട്; അതിൽ എത്ര തുക വീതം ഏതെല്ലാം സ്ഥാപനങ്ങൾക്ക് തിരികെ നൽകിയിട്ടുണ്ടെന്നും എത്ര തുക വീതം ഏതെല്ലാം സ്ഥാപനങ്ങൾക്ക് തിരികെ നൽകാൻ ബാക്കിയുണ്ടെന്നും വർഷം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ; | (ബി) | സാധാരണ ഗതിയിൽ നിയമസഭ appropriate ചെയ്ത് നൽകുന്ന ബജറ്റ് വിഹിതം അതാത് സാമ്പത്തിക വർഷം മാർച്ച് 31 –ന് lapse ആകും. എന്നാൽ ഇതിന് വിരുദ്ധമായി മുൻ സാമ്പത്തിക വർഷങ്ങളിൽ സർക്കാർ ബജറ്റിൽ നിന്നും ബാങ്ക് അക്കൗണ്ടിൽ അനുവദിച്ച ഫണ്ടുകൾ ചില സ്ഥാപനങ്ങൾ / വകുപ്പുകൾ സാമ്പത്തിക വർഷം അവസാനിച്ചിട്ടും സർക്കാരിൽ തിരിച്ചടയ്ക്കാതെ ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കുന്ന പ്രവണത സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. ടി പശ്ചാത്തലത്തിൽ |

| | | | |
|---|---|---|---|
| | | | വിവിധ സ്ഥാപനങ്ങളുടെ/വകുപ്പുകളുടെ ബാങ്ക് അക്കൗണ്ടുകളിൽ മുൻ സാമ്പത്തിക വർഷങ്ങളിൽ ചെലവഴിക്കാതെ നിഷ്ക്രിയമായി സൂക്ഷിച്ചിരുന്നതും സർക്കാർ വിവിധ ആവശ്യങ്ങൾക്ക് ടി സ്ഥാപനങ്ങൾക്ക് നൽകിയതുമായ തുക, സർക്കാരിന്റെ പ്രത്യേക അനുമതി ഇല്ലാത്ത പക്ഷം, തിരികെ ട്രഷറിയിൽ ഒടുക്കുവാൻ കേരള ഫിനാൻഷ്യൽ കോഡ് അനുച്ഛേദം 40 (C) യുടെ അടിസ്ഥാനത്തിൽ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. ടി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ട്രഷറിയിൽ തിരികെ ഒടുക്കിയ തുക സംബന്ധിച്ച വിശദാംശങ്ങൾ അതാത് സ്ഥാപനങ്ങളാണ് സൂക്ഷിക്കുന്നത്. |
| (സി) | സർക്കാരിന്റെ ഈ നടപടി കാരണം ഇത്തരം സ്ഥാപനങ്ങൾക്ക് അവയുടെ തനത് പ്രവർത്തനങ്ങൾ നടത്താൻ കഴിയാത്ത സ്ഥിതിയുണ്ടാകാറുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം നടപടികൾ ഈ സാമ്പത്തിക വർഷം ആവർത്തിയ്ക്കാതിരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ